## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4979** **23.03.2018 ൽ മറുപടിയ്ക്ക്**

പൊന്തൻപുഴ വനം സംബന്ധിച്ച ഹൈക്കോടതി വിധി

| ചോദ്യം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | മറുപടി<br>ശ്രീ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|
| (എ) കോട്ടയം ജില്ലയിലെ ഏക റിസർവ് വനമായ പൊന്തൻ പുഴയിൽ സർക്കാരിന് അവകാശമില്ലായെന്ന് കേരള ഹൈക്കോടതി വിധി ഉണ്ടായിട്ടുണ്ടോ; | (എ) 10.01.2018-ൽ എം.എസ്.എ 1/81 നമ്പർ കേസിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിയിൽ. വലിയകാവ്, ആലപ്ര റിസർവ്വുകൾ വിജ്ഞാപനം ചെയ്ത സമയത്ത് ആ ഭൂമി 1961 - ലെ കേരള വന നിയമത്തിലെ 2(ജി) വകുപ്പിൽ നിർവ്വചിച്ചിരിക്കുന്ന സർക്കാർ അധീനതയിലുള്ള ഭൂമി (land at the disposal of Government) ആയിരുന്നില്ലെന്ന് തീരുമാനിക്കുകയും, ഭൂമികളിന്മേലുള്ള അവകാശ രേഖകളെ അംഗീകരിക്കുകയും, ഭൂമി തിരിച്ചറിയുന്നതു സംബന്ധിച്ചുമുള്ള ജില്ലാ കോടതിയുടെ കണ്ടെത്തലുകൾ ശരി വച്ചുകൊണ്ടുമാണ് തീർപ്പാക്കിയിട്ടുള്ളത്. എങ്കിലും കോടതി നിയോഗിച്ച കമ്മീഷൻ റിപ്പോർട്ട് പ്രകാരം പ്രസ്തുത പ്രദേശം നിബിഢവനമാണെന്നും ദീർഘകാലമായി സർക്കാരിന്റെ അധീനതയിൽ തുടരുന്നതാണെന്നും ആകയാൽ പ്രസ്തുത വനഭൂമി റിസർവ്വ് വനമായി അന്തിമ വിജ്ഞാപനം വന്നിട്ടില്ലെങ്കിലും 1971 - ലെ കേരള സ്വകാര്യ വനം (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ആക്ട് 2003 - ലെ കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രൈജൽ ലാൻഡ്) ആക്ട് എന്നിവയിൽ പ്രസ്തുത ഭൂമി സ്വാഭാവികമായിത്തന്നെ സർക്കാരിൽ നിക്ഷിപ്തമാകുന്നതിനുള്ള വ്യവസ്ഥകൾ ഉള്ളതിനാൽ പ്രസ്തുത ഭൂമി ക്ലെയിം ചെയ്തിട്ടുള്ളവർക്ക് തിരികെ കൊടുക്കേണ്ടതില്ല എന്ന് വിധിയിൽ വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ട് പ്രസ്തുത ഭൂമി സർക്കാർ അധീനതയിലുള്ള വനമായി തുടരും. |
| (ബി) പ്രസ്തുത കേസിൽ കേരള സർക്കാർ പരാജയപ്പെട്ടതോടു കൂടി എത്ര ഏക്കർ വനഭൂമിയാണ് സ്വകാര്യ വ്യക്തികൾക്ക് ലഭിക്കുന്നത്; | (ബി) പ്രസ്തുത കേസിൽ സർക്കാർ പരാജയപ്പെട്ടു എന്ന് പറയാനാവില്ല. 10.01.2018 ലെ എം.എസ്.എ 1/81 നമ്പർ കേസിലെ ഹൈക്കോടതിയുടെ വിധിയിലൂടെ വനഭൂമി ഒട്ടും തന്നെ സ്വകാര്യ വ്യക്തികൾക്ക് ലഭിച്ചിട്ടില്ല. 2520 ഏക്കർ വരുന്ന കരിക്കാട്ടൂർ റിസർവ്വ് ഫോറസ്റ്റിന്റെ അന്തിമ വിജ്ഞാപനത്തിന്റെ നിയമസാധുത പൂർണ്ണമായും ഈ വിധിയോടെ അംഗീകരിക്കപ്പെട്ടു. അതേ പോലെ തന്നെ, ആലപ്ര, വലിയകാവ് പ്രൊപ്പോസ്ഡ് |

റിസർവ്വുകളുടെ കാര്യത്തിലും, 1971 ലെ കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് & അസൈൻമെന്റ്) ആക്ട്, 2003-ലെ കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രജൈൽ ലാന്റ്) ആക്ട് എന്നിവയിൽ ടി വസ്തുവകകൾ സ്വാഭാവികമായി-ത്തന്നെ സർക്കാരിൽ നിക്ഷിപ്തമാകുന്നതിനുള്ള വ്യവസ്ഥകളുള്ളതിനാൽ ടി സ്ഥലങ്ങൾ ക്ലെയിം ചെയ്തിട്ടുള്ളവർക്ക് തിരിച്ചു നല്കേണ്ടവയല്ല എന്ന് ഹൈക്കോടതി വ്യക്തമാക്കിയിട്ടുണ്ട്.

| | |
|---|---|
| (സി) സർക്കാർ വക്കീൽ ഹൈക്കോടതിയിൽ കേസ് ശരിയായ രീതിയിൽ കൈകാര്യം ചെയ്യാത്തതിനാലാണ് ഇത്തരം ഒരു തിരിച്ചടി ഉണ്ടായതെന്ന ആക്ഷേപം പരിശോധിക്കുമോ; | (സി) സർക്കാർ വക്കീൽ ഹൈക്കോടതിയിൽ കേസ് ശരിയായ രീതിയിൽ കൈകാര്യം ചെയ്യാതിരുന്നിട്ടില്ല. എം.എസ്.എ-1/1981 കേസ് ബഹു.ഹൈക്കോടതിയിൽ കൈകാര്യം ചെയ്തതിൽ സർക്കാർ ഭാഗത്തു നിന്നും യാതൊരുവിധ അനാസ്ഥയും ഉണ്ടായിട്ടില്ലാത്തതാണ്. ജി.ഒ. (ആർ.ടി) 362/2016/വനം തീയതി. 06.09.2016 നമ്പർ ഉത്തരവ് പ്രകാരം ശ്രീ.എം.പി.പ്രകാശ്, അഡ്വക്കേറ്റിനെ ടി കേസിന്റെ മാത്രം നടത്തിപ്പിനായി സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറായി നിയമിച്ച് ഉത്തരവായിട്ടുള്ളതാണ്. എം.എസ്.എ-1/1981 കേസ് ബഹു.ഹൈക്കോ-ടതിയിൽ 28.11.2016 തീയതി മുതൽ തുടങ്ങി ഏകദേശം മുപ്പതിലധികം ദിവസങ്ങളിൽ വാദത്തിനായി വരികയും അന്നേ ദിവസങ്ങളിലെല്ലാം സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറായി നിയമിതനായ ശ്രീ.എം.പി.പ്രകാശ് കോടതിയിൽ ഹാജരായിട്ടുള്ളതുമാണ്. കൂടാതെ പലദിവസങ്ങളിലും ഫോറസ്റ്റ് ലെയ്സൺ ഓഫീസറും കോടതിയിൽ ഹാജരായിട്ടുണ്ട്. എം.എസ്.എ-1/1981 കേസ് വാദത്തിനുശേഷം വിശദമായ ആർഗ്യുമെന്റ് നോട്ടും ശ്രീ.എം.പി.പ്രകാശ് ബഹു.ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുള്ളതാണ്. |
| (ഡി) ഹൈക്കോടതി വിധി വനത്തിനകത്തും പരിസരപ്രദേശത്തുമുള്ള കർഷകരുടെ പട്ടയ സ്വപ്നങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഈ വിധിയിന്മേൽ റിവ്യൂ പെറ്റീഷൻ നൽകുവാൻ നടപടി സ്വീകരിയ്ക്കുമോ എന്ന് വ്യക്തമാക്കാമോ ? | (ഡി) 10.01.2018-ലെ എം.എസ്.എ 1/81 നമ്പർ കേസിലെ ബഹു.ഹൈക്കോടതിയുടെ വിധിയിന്മേൽ സർക്കാർ താല്പര്യം സംരക്ഷിക്കുന്നതിന് 05.02.2018-ൽ ഹൈക്കോടതിയിൽ 182/18 നമ്പരായി റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ